മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# രാജ്യാന്തര കണ്ടൽവന സംരക്ഷണ ദിനാചരണം

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ രാജ്യാന്തര കണ്ടൽവന സംരക്ഷണ ദിനാചരണം സംഘടിപ്പിച്ചു. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനംചെയ്തു. എൻവിസ് മേധാവി ഡോ. കണ്ണൻ വാരിയർ മുഖ്യപ്രഭാഷണം നടത്തി. കണ്ടൽ വനങ്ങൾ ആഗോളതലത്തിൽ പ്രതിവർഷം ഹെക്ടറിന് 41,98,705 രൂപ വിലമതിക്കുന്ന പരിസ്ഥിതി സേവനങ്ങൾ നൽകുന്നതായി കണ്ണൻ വാരിയർ പറഞ്ഞു. എന്നാൽ വന വിസ്തൃതി കുറയുന്നതിനേക്കാൾ മൂന്നുമടങ്ങ്, അഥവാ അഞ്ചുമടങ്ങുവരെ വേഗത്തിൽ കണ്ടൽക്കാടുകൾ ഇല്ലാതാവുകയാണ്. ആഗോളതലത്തിൽ കണ്ടൽക്കാടുകൾ കുറയുമ്പോൾ ഇന്ത്യയിൽ 17 ചതുരശ്ര കിലോമീറ്റർ വർധിച്ചുവെന്ന് കണ്ണൻ വാരിയർ പറഞ്ഞു. കണ്ടൽക്കാടുകളെക്കുറിച്ചുള്ള ബോധവത്കരണ പോസ്റ്റർ ഡോ. ആർ. യശോധ പ്രകാശനംചെയ്തു. ഡോ. എസ്. വിഗ്നേശ്വരൻ സംസാരിച്ചു.




▶ രാജ്യാന്തര കണ്ടൽവന സംരക്ഷണദിനാചരണത്തിന്റെ ഭാഗമായി ബോധവത്കരണ പോസ്റ്റർ പ്രകാശനംചെയ്യപ്പോൾ

46. News in Mathrubhumi, Palakkad, 27.07.2023, Observance of International Day for the Conservation of the Mangrove Ecosystem by ICFRE-IFGTB EIACP PC RP.